I/11635/2023

CEIA/5228/2022-IT

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 25-08-2023

**<u>സർക്കുലർ</u>**

വിഷയം: - ജലസേചനം - സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിങ് - തുടർ നിർദ്ദേശങ്ങൾ

സൂചന :-

1. സർക്കാർ ഉത്തരവ്(സാധാ) നം. 192/2020/പൊ.ഭ.വ. തീയതി 13.01.2020
2. GO (Rt) No 1679/ 2022/GAD dated 23.04.2022
3. 16.12.2022 തീയതിയിലെ സർക്കുലർ നം.സിഡിഎൻ.4/151/2018/പൊ.ഭ.വ.
4. 21.05.2022, 23.05.2022, 22.12.2022, 27.12.2022, 03.01.2023, 27.07.2023 തീയതികളിലെ നമ്പർ സർക്കുലറുകൾ
5. സർക്കാർ ഉത്തരവ്(സാധാ) നം.3253/2023/GAD തീയതി 14.07.2023

സൂചന (5) സർക്കാർ ഉത്തരവ് പ്രകാരം 2023 ആഗസ്റ്റ് 1 മുതൽ ശമ്പളം ഹാജരുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിനെ തുടർന്ന് സൂചന (4) സർക്കുലർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും അറിയിപ്പ് നല്കിയിട്ടുള്ളതാകുന്നു. എന്നാൽ സ്പാർക്ക് പോർട്ടലിൽ ചില സാങ്കേതിക തടസങ്ങൾ നേരിടുകയും ആയത് സ്പാർക്ക് P .M .U .-യുമായി ബന്ധപ്പെട്ട് പരിഹരിച്ചതിനെ തുടർന്ന് 2023 സെപ്തംബർ 1 മുതൽ ശമ്പളം ഹാജരുമായി ബന്ധിപ്പിക്കുന്നതാണ്.

ഓഫിസ് സമയം, ഗ്രേസ് സമയം, ഔട്ട്സൈഡ് ഡ്യൂട്ടി, കോംപൻസ്റ്ററി ഓഫ്, തുടങ്ങിയവ സ.ഉ(സാധാ) നം.192/2020/പൊ.ഭ.വ. തീയതി 13.01.2020, സ.ഉ.(സാധാ) നം.3253/2023/GAD തീയതി 14-07-2023 എന്നിവ പ്രകാരമായിരിക്കും. നിലവിൽ ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം പ്രവർത്തന സജ്ജമായ എല്ലാ ഓഫീസുകളിലെയും ജീവനക്കാർ സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

എല്ലാതരത്തിലുമുള്ള exclusions/inclusions അനുവദിക്കുന്നതിന് അപേക്ഷകൾ ഓഫിസ് മേധാവിയുടെ റിപ്പോർട്ടിന്മേൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ശിപാർശ സഹിതം biometric.irrgn@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (ഭരണം) അനുമതിക്ക് വിധേയമായി നോഡൽ ഓഫിസർ exclusions/inclusions സ്പാർക്കിൽ രേഖപ്പെടുത്തുന്നതാണ്.

Sd/-
**ചീഫ് എഞ്ചിനീയർ**

പകർപ്പ്:-

എല്ലാ ചീഫ് എഞ്ചിനീയർ / സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / എല്ലാ ഡി.ഡി.ഓ.മാർക്കും (വെബ്സൈറ് മുഖേന)

SUSEELA R

Digitally signed by SUSEELA R
Date: 2023-09-01 15:43+05:30

Forwarded / By Order

Executive Engineer (Planning & IT)